## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 493

02.07.2013-ൽ മറുപടിക്ക്

### ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വാഹനപരിശോധനയിലെ കാലതാമസം, ഗതാഗതക്കുരുക്ക് എന്നിവ ഒഴിവാക്കുകയും പരിശോധന കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി അമരവിളയിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. അമരവിളയിൽ പ്രത്യേക ഔട്ട് ചെക്ക്പോസ്റ്റ് സ്ഥാപിച്ചു. ഗുജറാത്ത് ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകളെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വാളയാറിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബംഗ്ര മഞ്ചേശ്വരത്ത് ആധുനിക രീതിയിലുള്ള സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഓൺ |

| | | | |
|---|---|---|---|
| | | | ലൈൻ സംവിധാനം പ്രധാനപ്പെട്ട ബി ക്ലാസ് ചെക്ക് പോസ്റ്റുകളിലേക്കും വ്യാപിപ്പിച്ചു. മറ്റു ചെക്ക് പോസ്റ്റുകൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാനത്തിനകത്തേക്ക് കടന്നു വരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽഫോണിൽ അലർട്ട് മെസ്സേജ്, എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംയോജിത ഡാറ്റാ മാനേജ്മെന്റ് സിസ്റ്റവും ഇ-ഡിക്ലറേഷൻ സംവിധാനവും നടപ്പിലാക്കി. അമരവിളയിൽ നടപ്പിലാക്കിയതുപോലെ സി.സി.ടി.വി. സംവിധാനം മറ്റു പ്രധാന ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയാക്കി വരുന്നു.<br>മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളം വഴി പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകളുടെ വിവരങ്ങൾ ഓൺലൈൻ വഴി ഡിക്ലയർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തി. കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ചരക്കുകൾ എക്സിറ്റ് ചെക്ക്പോസ്റ്റ് വഴി നിർദ്ദിഷ്ട സമയത്തിനുള്ളിൽ പോയിട്ടില്ലെങ്കിൽ പ്രസ്തുത വാഹനം ബ്ലാക്ക് ലിസ്റ്റ് ചെയ്യാനും പെനാൽറ്റി ഈടാക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| (ബി) | ചെക്ക് പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് നടത്തി തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് വൻ തോതിൽ കോഴി കടത്ത് നടക്കുന്നതായ വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചെക്ക്പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് നടത്തി തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് വൻതോതിൽ കോഴികടത്ത് നടക്കുന്നതായ വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ഊടുവഴികളിലൂടെയും മറ്റും നികുതി വെട്ടിപ്പ് നടത്തി കോഴികടത്തു നടത്തുന്ന ഒരു സ്ഥിതി വിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സദാ പരിശോധന നടത്തി ഊടുവഴികളിലൂടെ കള്ളക്കടത്ത് നടത്തുന്നത് തടയുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ സ്ക്വാഡിനെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴി കടത്ത് തടയാനായി സ്വീകരിച്ചിരുന്ന പ്രത്യേക പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ പ്രത്യേക സ്ക്വാഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ